# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3246 16.12.2015-ൽ മറുപടിയ്ക്ക്

### തദ്ദേശ സ്ഥാപനങ്ങളുടെ 2015-16 സാമ്പത്തിക വർഷത്തെ പദ്ധതി ചെലവ്

| ചോദ്യം<br>ശ്രീ.ജി.സുധാകരൻ<br>ശ്രീ.എളമരം കരീം<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>ശ്രീ.ബാബു.എം.പാലിശ്ശേരി | | മറുപടി<br>ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | തദ്ദേശ സ്ഥാപനങ്ങളുടെ 2015-16 സാമ്പത്തിക വർഷത്തെ പദ്ധതി നിർവ്വഹണത്തെ സംബന്ധിച്ച് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല ഏകോപന സമിതി ഏറ്റവും ഒടുവിൽ നടത്തിയ അവലോകനത്തിന്റെ വിവരങ്ങൾ നൽകാമോ; | (എ) | 1200 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, 1285.70 കോടി രൂപ (21.16%) ചെലവഴിച്ചതായും ഇതിൽ 978 ഗ്രാമപഞ്ചായത്തുകൾ 748.67 കോടി രൂപയും (23.54%), 147 ബ്ലോക്ക് പഞ്ചായത്തുകൾ 153.19 കോടി രൂപയും (20.92%), 14 ജില്ലാ പഞ്ചായത്തുകൾ 158.72 കോടി രൂപയും (17.47%), 56 മുനിസിപ്പാലിറ്റികൾ 131.71 കോടി രൂപയും (20.56%), 5 കോർപ്പറേഷനുകൾ 93.41 കോടി രൂപയും (23.54%) ചെലവഴിച്ചതായി വിലയിരുത്തിയിട്ടുണ്ട്. |
| (ബി) | പദ്ധതി വിഹിതത്തിന്റെ ചെലവ് എത്രത്തോളം തൃപ്തികരമാണ്; | (ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് കാരണം ചെലവ് മന്ദഗതിയിലായിരുന്നു. തുടർന്നുള്ള കാലയളവിൽ പദ്ധതി ചെലവ് വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | പുതിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ രൂപീകരണം പദ്ധതി പ്രവർത്തനങ്ങളെ ബാധിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനായുള്ള അധിക ചെലവ് കണക്കാക്കിയിട്ടുണ്ടോ; | (സി) & (ഡി) | പുതിയ തദ്ദേശ സ്ഥാപനങ്ങളുടെ രൂപീകരണം പദ്ധതി പ്രവർത്തനങ്ങളെ ഈ സാമ്പത്തിക വർഷം ബാധിക്കില്ല. ഇതിനായി വ്യക്തമായ നിർദ്ദേശങ്ങൾ തദ്ദേശസ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. |
| (ഡി) | ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ